8/4/22

6/4/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 07(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 238/SIC-G4/2022)**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ഏപ്രിൽ 6**

ശ്രീ. വി സുദീശൻ
S/o വാസുദേവൻ,
സുദർശന വിലാസം, 'ജയ് ഹിന്ദ്', ശിവപാർവ്വതി,
കീഴുവിലം പി.ഒ., മാമം,
ആറ്റിങ്ങൽ – 695 104.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ആറ്റിങ്ങൽ നഗരസഭ ആഫീസ്,
ആറ്റിങ്ങൽ – 695 101.

2) അപ്പീൽ അധികാരി & സെക്രട്ടറി,
ആറ്റിങ്ങൽ നഗരസഭ ആഫീസ്,
ആറ്റിങ്ങൽ – 695 101.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 15/09/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 12/10/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 22/10/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 18/11/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 03/01/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 06/01/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 17/01/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 04/02/2022 |
| ഹിയറിംഗ് നടന്ന തീയതി | 05/04/2022 –വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. മാർ | ഹാജരായി –ഓഡിയോ<br>ഹാജരായി |

## ഉത്തരവ്

ശ്രീ. വി.സുദീശൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയില്ല എന്നും ആയതിനാൽ ടി അപ്പീൽ പരിഗണിച്ച് വേണ്ട നടപടികൾ ഉണ്ടാകണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 15.09.2021 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളുടെ സാക്ഷ്യപ്പെടുത്തി പകർപ്പ് നൽകണമെന്നാണ്:

i. 14.06.2021-ലെ 7671/21 നമ്പർ അപ്പീൽ അപേക്ഷയിൻമേലുള്ള A2-PW2-PH1-168/06 08.07.2021-ലെ റിപ്പോർട്ടിൽ ഖണ്ഡിക 5-ൽ പറഞ്ഞിരിക്കുന്ന റിക്കാർഡ് വിവരങ്ങൾ സാക്ഷ്യപ്പെടുത്തി ലഭ്യമാക്കണമെന്നും

ii. ഖണ്ഡിക 8-ൽ പറഞ്ഞിരിക്കുന്ന നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 12.10.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 22.10.2021 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയ്ക്ക് രണ്ടാം എതിർകക്ഷി 18.11.2021 തീയതി നൽകിയ മറുപടിയിൽ പ്രസ്താവിച്ചത്, അപേക്ഷയിൽ പരാമർശിച്ച ഖണ്ഡിക 5-ൽ PH1-13055/16 28.09.2020 തീയതി വെച്ചാണ് താലൂക്ക് സർവ്വെയർ, ആറ്റിങ്ങൽ വില്ലേജ് ഓഫീസർ എന്നിവർക്ക് കത്ത് നൽകിയിട്ടുള്ളതെന്നും PH1-13055/16 നമ്പർ വച്ച് ആറ്റിങ്ങൽ വില്ലേജ് ഓഫീസർക്ക് നൽകിയ കത്തിന് ടി ഭാഗത്ത് റീസർവ്വെ നടന്നിട്ടില്ലാത്തതിനാൽ പുറമ്പോക്ക് തിട്ടപ്പെടുത്തുവാൻ വില്ലേജ് ഓഫീസ് മുഖാന്തിരം കഴിയുകയില്ലെന്ന് അറിയിച്ചിട്ടുണ്ടെന്നും താലൂക്ക് സർവ്വെയർക്ക് നൽകിയ കത്തിൽ മറുപടിയൊന്നും തന്നെ ലഭിച്ചിട്ടില്ലെന്നും ആറ്റിങ്ങൽ നഗരസഭയിൽ PH1-13035/16 ആയി സമർപ്പിച്ചിട്ടുള്ള പരാതിയിൽ മൂന്നുമുക്ക് മാമം ദേശീയ പാതയിൽ സൺ ഓഡിറ്റോറിയത്തിന് മുൻവശത്തായി ഉണ്ടാകുന്ന വെള്ളക്കെട്ട് സംബന്ധിച്ചുള്ള പരാതിയാണ് നഗരസഭ ആരോഗ്യവിഭാഗം കൈകാര്യം ചെയ്തിരുന്നത് എന്നും നാഷണൽ ഹൈവേ അധികൃതർക്ക് നോട്ടീസ് നൽകുകയും ടി ഭാഗത്ത് ഉണ്ടായിരുന്ന കലുങ്ക് പുനർ നിർമ്മിച്ച് ജലം ഒഴുക്ക് സുഗമമാക്കിയതോടു കൂടി ടി പരാതിയും വെള്ളക്കെട്ടും പരിഹരിച്ചിട്ടുള്ളതാണെന്നും ഖണ്ഡിക 8-ൽ ജില്ലാ കളക്ടർക്ക് ഹർജിക്കാരൻ നൽകിയ പരാതിയിൽ ശ്രീ. വാമദേവൻ എന്നയാൾ ഓട കൈയ്യേറി കടമുറികൾ നിർമ്മിച്ചു എന്നാണെന്നും ആയത് പരിശോധിച്ച് നിയമവിരുദ്ധമായി കെട്ടിടം നിർമ്മിച്ചിട്ടുണ്ടെങ്കിൽ നടപടി എടുക്കുന്നതിന് വേണ്ടി ടി സ്ഥലം പുറമ്പോക്കിൽ ഉൾപ്പെട്ട് വരുന്നോ എന്ന് പരിശോധിക്കുന്നതിന് ടി വസ്തുവിന്റെ സർവ്വെ സ്കെച്ച് ഹാജരാക്കാൻ ഹർജിക്കാരനോട് ആവശ്യപ്പെട്ടിരുന്നു എന്നും ആയത് വരെയുള്ള ഫയൽ റിക്കോർഡ് വിവരങ്ങളുടെ പകർപ്പ് ഹർജിക്കാരന് ലഭ്യമാക്കിയിട്ടുള്ളതാണെന്നും എന്നാൽ നാളിതുവരെ ടിയാൻ

സർവ്വെ സ്കെച്ച് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ആയത് ലഭ്യമാക്കിയ ശേഷം ഫയലിന്മേൽ തുടർനടപടികൾ സ്വീകരിച്ച് പകർപ്പ് ലഭ്യമാക്കുന്നതാണെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. വി.സുദീശൻ വിവരാവകാശ കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുള്ള അപ്പീൽ പ്രകാരം താലൂക്ക് സർവ്വെയർക്ക് കത്ത് നൽകിയിട്ട് മറുപടി ലഭ്യമാകാത്ത സാഹചര്യത്തിൽ ഒരു കത്ത് കുടി നൽകാൻ നടപടിയുണ്ടാകണമെന്നും റീസർവ്വെ സൂപ്രണ്ടിന് കുടി കത്ത് നൽകുന്നതിനുള്ള നടപടി ഉണ്ടാകണമെന്നുമാണെന്നും ആയത് പ്രകാരം നടപടി സ്വീകരിക്കുന്നതാണെന്നും നഗരസഭ കൗൺസിൽ മുമ്പാകെ വീതി കൂട്ടി ഓട നിർമ്മിക്കുന്നത് സംബന്ധിച്ച ഫയലിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ല എന്നും ആയത് ലഭ്യമാക്കണമെന്നുമാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്നും 18.9.2021-ലെ നഗരസഭ കൗൺസിൽ തീരുമാനപ്രകാരം എൻ.എച്ച്.-ന് സമീപമുള്ള ഓടയുടെ നിർമ്മാണം ആകയാൽ ദേശീയപാത അതോറിറ്റിക്ക് കത്ത് നൽകുന്നതിന് തീരുമാനിച്ചിട്ടുള്ളതും ആയതുപ്രകാരം എൻ.എച്ച്.ന് കത്ത് നൽകിയിട്ടുള്ളതുമാണെന്നും ജില്ലാ കളക്ടറുടെ കത്തിന്റെ അടിസ്ഥാനത്തിൽ പുറമ്പോക്ക് അളന്ന് പരിശോധിച്ച് തിട്ടപ്പെടുത്തുന്നതിന് താലൂക്ക് സർവ്വെയർക്ക് കത്ത് നൽകിയിട്ടുള്ളതും ആയത് പ്രകാരം ജില്ലാ കളക്ടർക്ക് മറുപടി സമർപ്പിച്ചിട്ടുള്ളതുമാണെന്നും നം.1730/21 പ്രകാരം വില്ലേജ് ഓഫീസിൽ നിന്നും കത്ത് ലഭിച്ചതിൽ പ്രസ്തുത ഓട പുറമ്പോക്കിൽ ഉൾപ്പെട്ട് വരുന്നതാണോ എന്നറിയുന്നതിനുവേണ്ടി താലൂക്ക് സർവ്വെയറുടെ സേവനം ആവശ്യമാണെന്നും ആയത് ലഭ്യമാക്കുന്നതിലേക്കായി 13.12.21-ൽ 1693/21 നമ്പരായി താലൂക്കിലേക്ക് കത്ത് നൽകിയിട്ടുള്ളതും ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും ടി വിവരം കാണിച്ച് കക്ഷിക്ക് അറിയിപ്പ് നൽകിയിട്ടുള്ളതുമാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ അവ്യക്തമായ അപേക്ഷയാണ് എതിർകക്ഷികൾ മുമ്പാകെയും കമ്മീഷനിലും സമർപ്പിച്ചിരിക്കുന്നത് എന്ന് കാണുന്നു. ഒരു പൊതു അധികാരിയുടെ കൈവശമുള്ളതോ അവർക്ക് നിയമാനുസൃതം പ്രാപ്യമാകുന്നതോ ആയ വിവരങ്ങൾ ലഭ്യമാക്കുക എന്നതാണ് പബ്ലിക് ഇൻഫർഷേൻ ഓഫീസറുടെ പ്രധാന ചുമതല. ആയതിനാൽ ഇക്കാര്യത്തിൽ രണ്ടാം എതിർകക്ഷി നൽകിയ മറുപടിയിൽ അപാകത കാണുന്നില്ല. കൂടാതെ ഹർജിക്കാരൻ അപേക്ഷയിൽ ആവശ്യപ്പെട്ട പ്രകാരം താലൂക്ക് സർവ്വെയർക്ക് ഒരു കത്ത് കൂടി നൽകണമെന്നും റീസർവ്വെ സൂപ്രണ്ടിന് ഒരു കത്ത് കൂടി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും മറ്റുമായുള്ള ഭരണപരമായ നടപടി സ്വീകരിക്കണമെന്നുമുള്ള ആവശ്യം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന കാര്യമല്ല. ആയതിനാൽ ഇക്കാര്യത്തിൽ മറ്റ്

നിർദ്ദേശങ്ങൾ ഒന്നും കമ്മീഷൻ പുറപ്പെടുവിക്കുന്നില്ല. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയിന്മേൽ താലൂക്ക് സർവ്വേയർ മുഖേനയും മറ്റുമായി ഇതേ വരെ സ്വീകരിച്ചു വരുന്ന നടപടി വിവരം 20.4.2022-നകം ഹർജിക്കാരനെ ഒന്നാം എതിർകക്ഷി അറിയിക്കേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഏപ്രിൽ 6-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★